# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 310 — 13/07/2015 -ൽ മറുപടിക്ക്

## സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ. കെ.എം.ഷാജി<br>ശ്രീ. പി.കെ.ബഷീർ<br>ശ്രീ. എൻ.ഷംസുദ്ദീൻ | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>( വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനത്തെക്കുറിച്ചും സൗകര്യങ്ങളെക്കുറിച്ചും വിദ്യാർത്ഥികളുടെ ശാരീരിക, മാനസിക സുരക്ഷയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെക്കുറിച്ചും പരിശോധിക്കാൻ നിലവിലുള്ള സംവിധാനത്തെക്കുറിച്ച് വ്യക്തമാക്കുമോ ; | (എ) പൊതുവിദ്യാഭ്യാസ വകുപ്പിൻ കീഴിൽ രണ്ട് സ്പോർട്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ ജി.വി.എച്ച്.എസ്.എസ് സ്പോർട്സ് (സ്പോർട്സ് ഡിവിഷൻ) എന്നിവയാണ് ഈ സ്കൂളുകൾ. തിരുവനന്തപുരം ജി.വി.രാജാ സ്കൂളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പരിശീലനം നൽകുന്നുണ്ട്. കണ്ണൂർ സ്പോർട്സ് ഡിവിഷനിൽ പെൺകുട്ടികൾക്ക് മാത്രമാണ് പരിശീലനം നൽകുന്നത്. ജി.വി.രാജാ സ്പോർട്സ് സ്കൂളിൽ 60 ആൺകുട്ടികൾക്കും 30 പെൺകുട്ടികൾക്കും പ്രവേശനം നൽകുന്നു. എന്നാൽ കണ്ണൂർ സ്പോർട്സ് സ്കൂളിൽ 30 പെൺകുട്ടികൾക്കു മാത്രമാണ് പ്രവേശനം നൽകുന്നത്. ഹൈസ്കൂൾ വിഭാഗത്തിനു പുറമെ രണ്ട് സ്കൂളിലും വി.എച്ച്.എസ്.ഇ വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. |

മേൽ സൂചിപ്പിച്ച രണ്ട് സ്കൂളുകളും റെസിഡൻഷ്യൽ സ്കൂളുകളാണ്. സ്കൂൾ ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ സുരക്ഷക്കായി ദിവസവേതനാടിസ്ഥാനത്തിൽ സെക്യൂരിറ്റിയെ നിയമിച്ചിട്ടുണ്ട്. ഇതിനുപുറമെ രണ്ട് സ്കൂളുകളിലും ഡെപ്യൂട്ടി വാർഡന്മാരെയും ഇപ്പോൾ നിയമിച്ചിട്ടുണ്ട്. മികച്ച പരിശീലകരെയാണ് ഈ സ്കൂളുകളിൽ നിയമിച്ചിട്ടുള്ളതെങ്കിലും പരിശീല-കരുടെ അഭാവം അനുഭവപ്പെടുന്നുണ്ട്.

രണ്ട് സ്കൂളുകളിലും പഠിക്കുന്ന കായികതാരങ്ങൾക്ക് ഭക്ഷണ ചെലവിനായി 120 രൂപ പ്രതിദിനം ഗവൺമെന്റിൽ നിന്നും അനുവദിക്കുന്നുണ്ട്. കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിനായി ആവശ്യാനുസ-രണം കൗൺസിലിംഗ്, സ്പോർട്സ് ആയുർവേദ എന്നീ സേവനങ്ങൾ സ്കൂളുകളിൽ ലഭ്യമാണ്.

സ്കൂൾ ഹോസ്റ്റലുകളിൽ സ്ഥല പരിമിതിയും മറ്റു സൗകര്യകുറവുകളും നിലവിലുണ്ട്. എന്നാൽ കേരളത്തിലെ സ്പോർട്സ് സ്കൂളുകളുടെ സമഗ്രവികസനത്തിനായി 2014-2015 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച 8 കോടി രൂപ (5.5 കോടി രൂപ ജി.വി.രാജാ സ്പോർട്സ് സ്കൂളിനും 2.5 കോടി രൂപ കണ്ണൂർ സ്പോർട്സ് ഡിവിഷനും) വിനിയോഗിച്ചുള്ള വികസന പ്രവർത്തനങ്ങൾ പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരത്തോടെ നടപ്പിലാക്കി കഴിയുമ്പോൾ സ്കൂളുകളിലെ സൗകര്യം മെച്ചപ്പെടുത്താനാകും.

നിലവിൽ ഈ രണ്ട് സ്കൂളുകളിലും ഉള്ള വിദ്യാർത്ഥി , വിദ്യാർത്ഥിനികളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നത് അതാത് സ്കൂളിലെ വാർഡൻ, ഡെപ്യൂട്ടി വാർഡൻ, കായികാദ്ധ്യാപകർ എന്നിവരുടെ നേതൃത്വത്തിലാണ്. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാരും വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്ന് സ്പോർട്സ് ഡെപ്യൂട്ടി ഡയറക്ടർ എന്നീ ഉദ്യോഗസ്ഥൻമാരും ഇടയ്ക്കിടെ ഈ സ്കൂളുകൾ സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകാറുണ്ട്.

**(ബി)** ഇപ്രകാരം ഏറ്റവും ഒടുവിൽ നടത്തിയ പരിശോധനയുടെ വിശദവിവരം നൽകാമോ ;

**(ബി)** കേരളത്തിലെ രണ്ട് സ്പോർട്സ് സ്കൂളുകളിലെയും ഹോസ്റ്റലിൽ വിദ്യാർത്ഥികൾ അനുഭവിക്കുന്ന വിഷമതകൾ പരിഗണിച്ച് ബഹു.സംസ്ഥാന ബാലാവകാശ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് 17.12.14 ന് സ്പോർട്സ് ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂർ സ്പോർട്സ് ഡിവിഷൻ സന്ദർശിക്കുകയും നിലവിലുണ്ടായിരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുവേണ്ട നിർദ്ദേശം കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർക്കും കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഹെഡ്-മിസ്ട്രസിനും, നൽകുകയും ചെയ്തിരുന്നു. പരിശോധനാസമയത്ത് ഹോസ്റ്റലിൽ ഡെപ്യൂട്ടി വാർഡൻ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരി ഉണ്ടായിരുന്നുവെങ്കിലും പിന്നീട് ടി ജീവനക്കാരിയെ ജോലിയിൽ നിന്നും പിരിച്ചുവിടുകയുണ്ടായി. നിലവിൽ രണ്ട്

അദ്ധ്യാപകരെ വർക്കിംഗ് അറേഞ്ച്മെന്റിൽ ഡെപ്യൂട്ടി വാർഡൻ തസ്തികയിൽ നിയമിച്ച് ഹോസ്റ്റലിലെ വാർഡൻ പ്രശ്നം പരിഹരിച്ചിട്ടുണ്ട്. സ്പോർട്സ് ഡിവിഷനിലെ മറ്റൊരു പ്രധാന പ്രശ്നം ഹോസ്റ്റലിലെ സ്ഥലപരിമിതിയാണ്. പുതിയ ഹോസ്റ്റൽ മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. ഇത് പൂർത്തീകരിക്കുന്നതോടെ ഹോസ്റ്റലിലെ സ്ഥലപരിമിതി വിഷയവും പരിഹരിക്കുവാൻ കഴിയും. എം.പി. ഫണ്ടിൽ നിന്നും അനുവദിച്ച തുക വിനിയോഗിച്ച് പുതിയ ടോയ് ലറ്റുകളുടെ നിർമ്മാണം പൂർത്തിയായി വരുന്നു. കൂടാതെ ഹോസ്റ്റലും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് ഒരു ഫുൾടൈം മീനിയലിനെയും നിയമിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജി.വി.രാജാ സ്പോർട്സ് സ്കൂളിലെ പ്രധാനവിഷയം ബാസ്കറ്റ്ബാൾ പരിശീലകൻ, ഹോസ്റ്റൽ ഡെപ്യൂട്ടി വാർഡൻ എന്നീ തസ്തികകളിൽ ജീവനക്കാർ ഇല്ലാത്തതാണ്. ബാസ്കറ്റ് ബോൾ പരിശീലകനെ അനുവദിച്ച് തരുന്നതിന് സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഒപ്പം രണ്ട് സ്കൂളുകളിലും പരിശീലനത്തിനായി പരിശീലകരെ ലഭ്യമാക്കുന്നതിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനായി അതാത് മേഖലയിൽ കഴിവും യോഗ്യതയും ഉള്ള കായികാദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

നിലവിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ദിവസവേതന അടിസ്ഥാനത്തിൽ ഒരു ഡെപ്യൂട്ടി വാർഡനെ സ്കൂളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ സ്കൂളിലോ ഹോസ്റ്റലിലോ ഉണ്ടാകാതിരിക്കുന്നതിനുവേണ്ട മുൻകരുതലുകൾ ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശം അതാത് സ്കൂളുകളിലെ ഹെഡ്-മിസ്ട്രസ്, തിരുവനന്തപുരം, കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവർക്കും നൽകിയിട്ടുണ്ട്.

**(സി)** കടുത്ത മൽസര സാഹചര്യങ്ങളും സഹവിദ്യാർത്ഥികളിൽ നിന്നും അദ്ധ്യാപകരിൽ നിന്നുമുള്ള പെരുമാറ്റവും കുട്ടികളിൽ മാനസിക സമ്മർദ്ദമുണ്ടാക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത്തരം സാഹചര്യങ്ങൾ ഒഴിവാക്കാനുള്ള പ്രായോഗിക നടപടികളെക്കുറിച്ച് ആലോചിക്കുമോ ?

**(സി)** കടുത്ത മൽസര സാഹചര്യങ്ങൾ ഉൾപ്പെടെ കുട്ടികളിൽ പലവിധ കാരണങ്ങളാൽ മാനസിക സമ്മർദ്ദം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ ബന്ധപ്പെട്ട പരിശീലകൻ, സ്കൂൾ ഹെഡ്-മിസ്ട്രസ് , പ്രിൻസിപ്പാൾ തുടങ്ങിയവരുടെയും, കൗൺസിലറുടെയും നേതൃത്വത്തിൽ കുട്ടികളുടെ മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിന് ശ്രദ്ധിക്കുന്നുണ്ട്.

(signature)

**സെക്ഷൻ ഓഫീസർ**